## അനുദിനമിദമാദരേണ ശൃണ്വൻ പൃഥുചരിതം പ്രഥയൻ വിമുക്ത സംഗ:
## ഭഗവതി ഭവസിന്ധുപോതപാദേ സ ച നിപുണാം ലഭതേ രതിം മനുഷ്യ: (4-23-39)

മൈത്രേയൻ തുടർന്നു:
തനിക്കു പ്രായമേറുന്നതു തിരിച്ചറിഞ്ഞ പൃഥു രാജ്യഭാരം തന്റെ പുത്രനെ ഏൽപ്പിച്ച് ഭാര്യയുമൊത്തു വനവാസത്തിനു പുറപ്പെട്ടു. വനവാസകാലത്ത്, മൂന്നു കാലാവസ്ഥയിലും ചെയ്യാവുന്ന ഏറ്റവും കഠിനമായ തപശ്ചര്യകളിലേർപ്പെട്ടു. വേനൽക്കാലത്ത് കത്തിയെരിയുന്ന സൂര്യൻ മുകളിൽ നിൽക്കെ അഗ്നിവലയത്തിനുള്ളിൽ തപസ്സു ചെയ്തു. മഴക്കാലത്ത് കോരിച്ചൊരിയുന്ന മഴയിൽനിന്നും, മഞ്ഞു കാലത്ത് തണുത്തുറഞ്ഞ വെള്ളത്തിൽ കഴുത്തറ്റം ഇറങ്ങിനിന്നും അദ്ദേഹം തപസ്സു ചെയ്തു. മനസാ വാചാ കർമ്മണാ പൂർണ്ണമായ തപസ്സാണദ്ദേഹം അനുഷ്ടിച്ചത്. ഇതിലൂടെ കർമ്മപാശങ്ങളെയെല്ലാം നശിപ്പിച്ച് അകളങ്കിതമായ ഭക്തികൊണ്ട് അദ്ദേഹം തന്റെ ഹൃദയം നിറച്ചു.

ലൌകീകതയോടുള്ള നിസ്സംഗതയും പരമോന്നത ജ്ഞാനവും അദ്ദേഹത്തിനുണ്ടായി. അതോടെ ശരീരാസക്തി തീരെ ഇല്ലാതായി. അഹങ്കാരവും അഹംഭാവവും നശിച്ചുകഴിഞ്ഞ അദ്ദേഹം ആ വിജ്ഞാനത്തിനുമപ്പുറം ഭഗവാൻ ശ്രീകൃഷ്ണന്റെ മഹിമകളിലും കഥകളിലും ഭക്തലീനായിത്തീർന്നു. ഇത്തരത്തിലുള്ള നിർമ്മലമായ ഭക്തി, സാധനയുടെ മുന്നോട്ടുള്ള പോക്കിനെയാണ് കാണിക്കുന്നത്. ഒരുദിവസം അദ്ദേഹം ശരീരമുപേക്ഷിക്കാൻ തീരുമാനിച്ചു. സിദ്ധാസനത്തിലിരുന്ന് കാലുകൊണ്ട് ഗുദദ്വാരം അടച്ചുപിടിച്ച് പ്രാണശക്തിയെ താഴെനിന്ന് പൊക്കിൾത്തടം, ഹൃദയം, കണ്ഠനാളം, പുരികങ്ങൾക്കിടയിലുള്ള നെറ്റിത്തടം എന്നീ കേന്ദ്രങ്ങളിലൂടെ ഉയർത്തി ശിരസ്സിനു മുകളിലെത്തിച്ച് അന്ത:രീക്ഷത്തിലെ പഞ്ചഭൂതങ്ങളുമായി വിലയിപ്പിച്ചു. വിശ്വനിർമ്മിതിയിലെ ഘടകങ്ങളായ പഞ്ചഭൂതങ്ങളാൽത്തന്നെയാണല്ലോ മനുഷ്യദേഹവും നിർമ്മിച്ചിട്ടുള്ളത്. പിന്നീട് ഈ ഭൂതാംശങ്ങളെ അദ്ദേഹം ഒന്നാക്കിവെച്ചു. ഭൂമിയെ ജലത്തിലും, ജലത്തെ അഗ്നിയിലും, അഗ്നിയെ വായുവിലും, വായുവിനെ ആകാശത്തിലും ലയിപ്പിച്ചു. മനസ്സിനെ പഞ്ചേന്ദ്രിയങ്ങളിലും പഞ്ചേന്ദ്രിയങ്ങളെ പഞ്ചഭൂതങ്ങളിലും വിലയിപ്പിച്ചു. ഇവയെല്ലാം പിൻവലിച്ച് അഹങ്കാരവും ചേർത്ത് മഹത്തത്വത്തിൽ, വിശ്വാവബോധത്തിൽ, വിലയിപ്പിച്ചിട്ട് ജീവനിൽ ചേർത്തുവെച്ചു. മായാശക്തിയുടെ അനന്തമായ ശക്തിവിശേഷങ്ങൾക്കടിമയാണല്ലോ ജീവൻ. പരിപൂർണ്ണമായ വിജ്ഞാനം വഴി ഈ അവസ്ഥപോലും പൃഥുവിന് കടന്നുപോകാൻ കഴിഞ്ഞു. അങ്ങിനെ നിർവ്വാണപദവും ആത്മസാക്ഷാത്ക്കാരവും ലഭിച്ച് അദ്ദേഹം വിശ്വാവബോധത്തിൽ വിലീനനായി.

പൃഥുവിന്റെ രാജ്ഞി അരചി, തന്റെ ഭർത്താവ് ശരീരമുപേക്ഷിച്ചതുകണ്ട് അന്ത്യകർമ്മങ്ങൾക്ക് ചിതയൊരുക്കി. കുളികഴിഞ്ഞു തയ്യാറായി ചിതാഗ്നിക്ക് വലംവെച്ച് സ്വയം അഗ്നിയിൽ പ്രവേശിച്ചു. ഭർത്താവിന്റെ ശരീരത്തോടൊപ്പം തന്റെ ശരീരം രാജ്ഞിയും ഉപേക്ഷിച്ചു. ദിവ്യപുരുഷന്മാർ രാജ്ഞിയുടെ ആത്മത്യാഗത്തെ പ്രശംസിച്ചു. അവളുടെ മഹിമകൾ വാഴ്ത്തി. "ഈ രാജ്ഞി തന്റെ നാഥനെ ജീവിതം മുഴുവൻ അളവറ്റ സ്നേഹത്തോടെ പരിചരിച്ചു. അതുകൊണ്ടുതന്നെ അവർക്ക് നമ്മുടെയെല്ലാം തലത്തിൽനിന്നും വളരെ ഉയർന്ന സ്ഥാനമാണുള്ളത്. തീർച്ചയായും ഭഗവൽസവിധത്തിൽ തന്റെ ഭർത്താവിനോടൊപ്പം അവരുമുണ്ടാവും. മനുഷ്യജന്മോദ്ദേശം ഇതു തന്നെയാണെങ്കിലും വിഡ്ഢികൾ ആയതിനെ അവഗണിക്കുന്നു". അതാണ് ലോകത്തിലെ ആദ്യത്തെ ചക്രവർത്തിയായ പൃഥുവിന്റെ ജീവിതകഥ. വിദുരരേ ആരീ കഥ കേൾക്കുകയോ വായിക്കുകയോ ചെയ്യുന്നുവോ, അയാൾ പൃഥുവിനേപ്പോലെയാകുന്നു. അയാൾ തന്റെ ആഗ്രഹങ്ങളെല്ലാം സാധിക്കും. ഈ കഥ ദിവസവും കേൾക്കുന്നതിലൂടെ ഒരുവന് ഭഗവൽഭക്തിയുണ്ടാവുകയും ജനന മരണനിയതമായ സംസാരസാഗരത്തിൽനിന്ന് മോചനംകിട്ടുകയും ചെയ്യും."